# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5504

28.07.2015-ൽ മറുപടിയ്ക്ക്

## ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:ക്രമീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളുടെ ഘടനയും ബ്ലോക്ക് പഞ്ചായത്തുകളുടെ ഘടനയും തമ്മിൽ പൊരുത്തമില്ലാത്തതിനാലും ചില നിയോജകമണ്ഡലങ്ങളിൽ നാലും അതിലേറെയും ബ്ലോക്കുകൾ ഉൾപ്പെട്ടു കിടക്കുന്നതിനാലും നിയോജകമണ്ഡലവും ബ്ലോക്കും തമ്മിൽ ഏകദേശ ക്രമീകരണം ആവശ്യമായതിനാലും ബ്ലോക്കുകളെ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുന:ക്രമീകരിക്കുന്നതിന് ആവശ്യമായ ശുപാർശ നൽകാൻ ഗ്രാമവികസന കമ്മീഷണർ കൺവീനറായ ഒരു ഉപസമിതിയെ സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി. |
| ബി) | ബ്ലോക്ക് പഞ്ചായത്തുകൾ പുന:ക്രമീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ഉണ്ട്. 29.06.2015-ലെ 35526/ഇ.എം3/2014/തസ്വഭവ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:സംഘടന സംബന്ധിച്ച് ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) | കാസർഗോഡ് ജില്ലയിൽ ആരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വിജ്ഞാപന പ്രകാരം ബ്ലോക്കുകളുടെ പുന:ക്രമീകരണം നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | സി) & ഡി) | നിയോജക മണ്ഡലങ്ങളെ കഴിയുന്നിടത്തോളം ഒരു ബ്ലോക്കിലോ അതിന് സാധിക്കുന്നില്ലെങ്കിൽ രണ്ടു ബ്ലോക്കുകളിലായോ പുന:ക്രമീകരിക്കുക എന്ന മാനദണ്ഡം സ്വീകരിച്ചാണ് കാസർഗോഡ് ജില്ലയിൽ ബ്ലോക്കുകളുടെ പുന:ക്രമീകരണം നടത്തിയിട്ടുള്ളത്.<br>കാസർഗോഡ് ബ്ലോക്കിലെ ചെമ്മനാട് |

| | | | |
|---|---|---|---|
| ഡി) | നിലവിലുള്ള കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ചെമ്മനാട് ഗ്രാമപഞ്ചായത്തിനെ വിജ്ഞാപന പ്രകാരമുള്ള കാഞ്ഞങ്ങാട് ബ്ലോക്കിലേക്കും നിലവിലുള്ള കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അജാനൂർ പഞ്ചായത്തിനെ വിജ്ഞാപന പ്രകാരമുള്ള പരപ്പ ബ്ലോക്കിലേക്കും മാറ്റുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ? | | ഗ്രാമപഞ്ചായത്ത് ഉദുമ നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്നതിനാലാണ് നിർദ്ദിഷ്ട കാഞ്ഞങ്ങാട് ബ്ലോക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ